# പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ – 4144 24.10.2016- ൽ മറുപടിയ്ക്ക്

## ഗൾഫിൽ നിന്നും തിരികെ വരുന്നവരുടെ പുനരധിവാസം

| ചോദ്യം | | മറുപടി | |
|---|---|---|---|
| | **ശ്രീ. ഹൈബി ഈഡൻ** | | **ശ്രീ. പിണറായി വിജയൻ** <br> ***(മുഖ്യമന്ത്രി)*** |
| എ) | ഗൾഫിൽ നിന്നും തിരികെ വരുന്നവരെ പുനരധിവസിപ്പിക്കുന്നതിന് നടപ്പ് ബഡ്ജറ്റിൽ പദ്ധതി ഉണ്ടോ; | എ) | ഉണ്ട്. <br> തിരികെ വരുന്ന പ്രവാസികളെ പുനരധിവസിപ്പിക്കുന്നതിനായി നോർക്ക ഡിപ്പാർട്ട്മെന്റ് പ്രോജക്ട് ഫോർ റിട്ടേൺ എമിഗ്രന്റ്സ് (NDPREM) എന്ന പദ്ധതി നിലവിലുണ്ട്. |
| ബി) | മുൻ സർക്കാരിന്റെ കാലത്ത് ഇക്കാര്യത്തിനായി 2015-16 ൽ എന്തു തുക വകയിരുത്തിയിരുന്നു; എന്തു തുക വിനിയോഗിച്ചു എന്നു വ്യക്തമാക്കുമോ ; | ബി) | NDPREM പദ്ധതിക്കായി 2015-16 സാമ്പത്തിക വർഷം 8,75,00,000/- രൂപ ബജറ്റിൽ വകയിരുത്തിയിരുന്നു. പ്രസ്തുത തുകയിൽ നിന്നും 5 കോടി രൂപ 11.06.2015 തീയതിയിൽ നോർക്ക റൂട്ട്സിന് അനുവദിക്കുകയും ഇതിൽ നിന്നും 4.03 കോടി രൂപ നോർക്ക റൂട്ട്സ് സബ്സിഡി ഇനത്തിൽ ബാങ്കിന് നല്കുകയും ചെയ്തിട്ടുണ്ട്. ബാക്കി 3.75 കോടി രൂപ ഇലക്ട്രോണിക് ലെഡ്ജർ അക്കൗണ്ടിലേക്ക് മാറ്റുകയും, ആയത് നടപ്പ് സാമ്പത്തിക വർഷത്തിൽ സബ്സിഡി തുക നല്കുന്നതിനായി 26.09.2016 തീയതിയിൽ നോർക്ക റൂട്ട്സിന് അനുവദിക്കുകയും ചെയ്തിട്ടുണ്ട്. |
| സി) | എത്ര പ്രവാസികൾക്ക് ഈ പദ്ധതി മൂലം ഇതുവരെ പ്രയോജനം ലഭിച്ചു എന്ന് വ്യക്തമാക്കുമോ ? | സി) | നാളിതുവരെയായി 1333 പേർക്ക് ഈ പദ്ധതിയിൻ കീഴിൽ സ്വയം തൊഴിൽ വായ്പ അനുവദിച്ചിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**